ആയുർവ്വേദ, സിദ്ധ ചികിത്സാ മേഖലകൾക്ക് പ്രാമുഖ്യം

115(815) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നിര' കരൾ രോഗമുൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് പ്രതിവിധിയാണെന്ന ബംഗളൂരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കണ്ടെത്തൽ ചികിത്സാരംഗത്ത് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, ചെലവ് കുറവുള്ളതും ജൈവ സമ്പത്ത് ഉപയോഗപ്പെടുത്തിയുള്ളതുമായ ആയുർവ്വേദ, സിദ്ധ തുടങ്ങിയ ചികിത്സാ മേഖലകൾക്ക് മോഡേൺ മെഡിസിനൊപ്പം പ്രാധാന്യം നൽകുകയും പ്രസ്തുത വിഭാഗങ്ങളിലെ ഗവേഷണ പഠനങ്ങൾക്ക് പ്രാമുഖ്യം നൽകുകയും ചെയ്യുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) 'നിര' കരൾ രോഗമുൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രതിവിധിയാണെന്ന ബംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികൾ

116(816) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ഗ്രാമപഞ്ചായത്തിലും ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിച്ച് സമ്പൂർണ്ണ ആയുർവ്വേദ കേന്ദ്ര സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുമെന്ന പ്രഖ്യാപനം ലക്ഷ്യത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഓരോ ബഡ്ജറ്റിലും ഇതിനായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

GPM. 2/238/2020-25

LIBRARY ARCHIVES Kerala Legislative Assembly